119/NSS/DHSE/2019

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
ഹയർ സെക്കണ്ടറി വിഭാഗം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്,
ശാന്തി നഗർ, തിരുവനന്തപുരം
02/09/2019

**സർക്കുലർ**

കണ്ണൂർ ജില്ലയിലെ വേങ്ങാട് ഇ.കെ.നായനാർ സ്മാരക ഗവ. ഹയർ സെക്കണ്ടറി സ്കൂളിലെ നാഷണൽ സർവ്വീസ് സ്കീം യൂണിറ്റ് കണ്ണൂർ ജില്ലാ പഞ്ചായത്തിന്റെ സഹകരണത്തോടെ നിർമ്മിച്ച ***കറുപ്പ്*** സിനിമയുടെ ആദ്യ പ്രദർശനം തിരുവനന്തപുരം ജില്ലയിലെ കാർണിവൽ സിനിമാസിൽ(സ്ക്രീൻ 1), ട്രാവൻകൂർ മാൾ ചാക്കയിൽ 2019 സെപ്റ്റംബർ 3 വൈകുന്നേരം 4.30 ന് ആദ്യ പ്രദർശനം സംഘടിപ്പിക്കുന്നു. പ്രദർശനത്തിന്റെ ഔപചാരിക ഉദ്ഘാടനം പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി പ്രൊഫ.സി.രവീന്ദ്രനാഥ് നിർവ്വഹിക്കുന്നു.

ഭാരതത്തിൽ ആദ്യമായി ഒരു എൻഎസ്എസ് യൂണിറ്റ് തയ്യാറാക്കുന്ന ഫീച്ചർ ഫിലിം എന്ന നിലയിൽ ഈ സംരഭത്തിന് ചരിത്രപ്രാധാന്യമുണ്ട്. അടിച്ചമർത്തപ്പെടുന്നവരുടെയും അരികുവൽക്കരിക്കപ്പെടുന്നവരുടെയും കഥ പറയുന്ന ഈ ചിത്രം പരമാവധി സ്കൂളുകളിൽ പ്രദർശിപ്പിക്കേണ്ടതാണ്. ചിത്രത്തിനു പിന്നിൽ പ്രവർത്തിച്ച എൻഎസ്എസ് യൂണിറ്റിനെ അഭിനന്ദിക്കുന്നു.

ഒപ്പ്

ഡോ.ജേക്കബ് ജോൺ
പ്രോഗ്രാം കോഡിനേറ്റർ